പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1809 10.02.2020-ലെ മറുപടിക്ക്

# **ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം**

<u>ചോദ്യം</u>

ശ്രീ.വി.എസ്.ശിവകുമാർ

<u>മറുപടി</u>

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ രാത്രി കാല ദീർഘദൂര സർവ്വീസുകളിൽ നിലവിലുണ്ടായിരുന്ന ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം പുനസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) യും (ബി) യും (സി) യും | ദീർഘദൂര / അന്തർ സംസ്ഥാന സർവ്വീസുകളിൽ ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം കെ.എസ്.ആർ.ടി.സി.യിൽ 23.01.2017 മുതൽ നടപ്പിലാക്കിയിരുന്നതാണ്. എന്നാൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത് വന്നിരുന്ന ഡ്രൈവർ വിഭാഗം ജീവനക്കാരെ ബഹു: കേരള ഹൈക്കോടതിയുടെ 08.04.2019 തീയതിയിലെ WA.1011/19 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പിരിച്ചുവിട്ടതിനെ തുടർന്ന് സർവ്വീസുകൾ കാര്യക്ഷമമായും കൃത്യമായും നടത്തുവാൻ കഴിയാത്ത സാഹചര്യം വന്നു ചേർന്നു. ടി പ്രതിസന്ധി പരിഹരിക്കുന്നതിനായും ഡ്രൈവർ വിഭാഗം ജീവനക്കാരുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനുമായി നിലവിലുണ്ടായിരുന്ന ഡ്രൈവർ കം കണ്ടക്ടർ സംവിധാനം 4.10.2019 തീയതി മുതൽ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. നിലവിൽ ഡ്രൈവർ വിഭാഗം ജീവനക്കാരുടെ അപര്യാപ്തതമൂലം സർവ്വീസുകൾ റദ്ദ് ചെയ്യേണ്ട സാഹചര്യം ഉള്ളതിനാൽ ടി ഡ്രൈവർ കം കണ്ടക്ടർ സംവിധാനം ഇപ്പോൾ പുനരാരംഭിക്കാൻ നിർവ്വാഹമില്ലാത്തതാണ്. |
| (ബി) | അപകടങ്ങൾ ഒഴിവാക്കുന്നതിനും യാത്രക്കാരുടെ സുരക്ഷയ്ക്കും കോർപ്പറേഷന്റെ വരുമാന ലാഭത്തിനും ഈ സംവിധാനം തുടരേണ്ടത് ആവശ്യമല്ലേയെന്ന് വ്യക്തമാക്കുമോ; | | |
| (സി) | രാജ്യത്തെ 53 ആർ.ടി.സി.കളിലും ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം നിലവിലുള്ളത് പരിഗണിച്ച് കെ.എസ്.ആർ.ടി.സി.യിലും പ്രസ്തുത സംവിധാനം പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**